87

# എല്ലാവരും ഉത്തരം നൽകേണ്ട ഒരു ചേദ്യം

**വായനാഭാഗം #38**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).
H. വെള്ളി:യേശുവിന്റെ മരണം (തുടർച്ച).
7. റോമൻ വിചാരണ (തുടർച്ച).
b. രംഗം രണ്ട്: ഹെരോദാവ് അന്തിപ്പാവിന്റെ മുമ്പിൽ (കുറ്റം കണ്ടെത്തിയില്ല) (ലൂക്കൊസ് 23:8–12).
c. രംഗം മൂന്ന്: പിലാത്തൊസിന്റെ മുമ്പിൽ (മരണത്തിന് വിധിച്ചു) (മത്താ. 27:15–31; മർക്കൊ. 15:6–20; ലൂക്കൊ. 23:13–25; യോഹ. 18:39–19:16).

**മുഖവുര**

യേശുവിന്റെ വിചാരണയെ കുറിച്ചുള്ള അവസാന പാഠത്തിന്റെ ഒന്നാം ഭാഗമായിരുന്നു നമ്മുടെ കഴിഞ്ഞ പാഠം. "യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്നതിനായിരുന്നു ഊന്നൽ (മത്തായി 27:22 നോക്കക). തങ്ങളുടെ പ്രതികരണത്തിൽ രണ്ടു പേർ സുനിശ്ചയമുള്ളവരായിരുന്നു എന്നു നാം കണ്ടു: ഫലത്തിൽ പത്രൊസ് പ്രതികരിച്ചത് "ഞാൻ അവനെ തള്ളിപ്പറയും!" എങ്ങനെയായാലും, മറ്റൊരാൾ ആ ചോദ്യത്തിന് മുമ്പിൽ പകച്ചു നിന്നു: "ഞാൻ അവനെ വിട്ടയക്കും" എന്ന് പറയണമെന്ന് പിലാത്തൊസിന് അറിയാമായിരുന്നു, പക്ഷെ അങ്ങനെ ചെയ്താലുണ്ടാകുവാനിടയുള്ള രാഷ്ട്രീയമായ ഭിന്നതയെ അവൻ ഭയപ്പെട്ടു. പാഠത്തിന്റെ രണ്ടാം ഭാഗം നാം പഠിക്കുമ്പോൾ, "യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് മറ്റുള്ളവർ എങ്ങനെ ഉത്തരം നൽകുന്നു എന്ന് നാം കാണും.

**ഹെരോദാവ്: "ഞാൻ വെറും ആകാംക്ഷയുള്ളവനാകും" (ലൂക്കൊ. 23:5-11)**

കഴിഞ്ഞ പാഠത്തിന്റെ അവസാനം, പിലാത്തൊസ് കരുതിയത് തന്റെ വിഷമപ്രശ്നത്തിന് പരിഹാരമുണ്ടെന്നാണ്. യേശു ഗലീലക്കാരനാണെന്ന് അവൻ മനസിലാക്കി (വാ. 5, 6), അത് ഹെരോദാവ് അന്തിപ്പാസിന്റെ സ്ഥലമായിരുന്നു, അതുകൊണ്ട് "അപ്പോൾ യെരുശലേമിലായിരുന്ന ഹെരോദാവിന്റെ അടുക്കലേക്ക് അവനെ അയച്ചു"[1] (വാ. 7). യേശുവിനെ ഹെരോദാവിന്റെ അടുക്കലേക്ക് അയച്ചുകൊണ്ട്, രണ്ടു കാര്യങ്ങൾ നേടുവാനായിരിക്കും ഒരുപക്ഷെ പിലാത്തൊസ് ഉദ്ദേശിച്ചത്:തനിക്ക് ഈ കുഴപ്പം പിടിച്ച പ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞ് മാറുവാനും, സ്വാധീനശക്തിയുള്ള ആ ഭരണാധികാരിയുമായി നല്ല ഒരു ബന്ധം സ്ഥാപിക്കുവാനും അങ്ങനെ കഴിയും

(23:12).[2]

റോമാ പടയാളികൾ യേശുവിനെ ഹെരോദാവിന്റെ അടുക്കൽ എത്തിച്ചു.[3] അവരുടെ തൊട്ടു പിന്നാലെ "മഹാപുരോഹിതന്മാരും ശാസ്ത്രി മാരും ഉണ്ടായിരുന്നു" (വാ. 10). ആ പ്രദക്ഷിണം ഹെരോദാവിന്റെ കൊട്ടാര ത്തിലെത്തിയപ്പോൾ "ഹെരോദാവ് അത്യന്തം സന്തോഷിച്ചു ... ; അവനെ ക്കുറിച്ച് കേട്ടിരുന്നതുകൊണ്ട് അവനെ [യേശുവിനെ] കാണ്മാൻ വളരെ ഇച്ഛിച്ചു" (വാ. 8; മത്തായി 14:1; ലൂക്കോസ് 9:7–9). യേശുവിനെ കാണുന്ന തിന് പ്രത്യേക താല്പര്യമോ അല്ലെങ്കിൽ അവന്റെ ഉപദേശം കേൾക്കുവാനോ അവൻ ആഗ്രഹിച്ചില്ല; അവൻ വെറുതേ ആകാംഷയോടിരുന്നു എന്നു മാത്രം. അവന്റെ ആകാംഷ തൃപ്തിപ്പെടുത്തുവാൻ ക്രിസ്തുവിന് ആഗ്രഹമുണ്ടാ യിരുന്നില്ല (മത്തായി 7:6 നോക്കുക). ഹെരോദാവ് അവനെ ചോദ്യം ചെയ്ത പ്പോൾ "അവൻ അവനോട് ഉത്തരം ഒന്നും പറഞ്ഞില്ല" (ലൂക്കൊസ് 23:9; യെശയ്യാവ് 53:7). ഒരു ഇന്ദ്ര ജാല പ്രകടനം ആസ്വദിക്കാമെന്ന് ചിലപ്പോൾ രാജാവ് ആഗ്രഹിച്ചിരിക്കാം (ലൂക്കൊസ് 23:8) – എന്നാൽ ക്രിസ്തു ആവ ശ്യപ്പെടുന്നതിനനുസരിച്ച് ഒരിക്കലും അത്ഭുതം ചെയ്തില്ല (മത്തായി 12:38, 39; 16:1, 4 നോക്കുക). അവന്റെ "അടയാളങ്ങൾക്ക്" അധികം ഗൗരവമായ ഉദ്ദേശം ഉണ്ടായിരുന്നു.

യേശു വിഡ്ഢിത്തം ചെയ്യുവാൻ നിരസിച്ചപ്പോൾ,[4] ഹെരോദാവ് വിനോ ദത്തിനുള്ള തന്റെ പദ്ധതി തയ്യാറാക്കി. പെട്ടെന്ന് ഒരു സർക്കസ്–പോലെ യുള്ള ഒരന്തരീക്ഷം ഉണ്ടാക്കി. ഒരു വശത്ത് മഹാപുരോഹിതന്മാരും ശാസ്ത്രി മാരും അത്യുച്ചത്തിൽ അവനിൽ കുറ്റം ആരോപിച്ചുകൊണ്ടിരുന്നു (ലൂക്കൊസ് 23:10). ഹാളിന്റെ മദ്ധ്യത്തിൽ ഒരു വിദൂഷകനെപ്പോലെ വസ്ത്രം ധരിച്ച യേശു,[5] രാജാവും തന്റെ പടയാളികളും അവനു ചുറ്റും നൃത്തം വെച്ചുകൊണ്ട്, കളിയാക്കിക്കൊണ്ടിരുന്നു (ലൂക്കൊസ് 13:11)[6]. ക്രമേണ അവ രുടെ ബാലിശമായ ആ പ്രവൃത്തിയിൽ ക്ഷീണിതരാവുകയും ഹെരോദാവ് "അവനെ തിരിച്ചു പിലാത്തോസിന്റെ അടുത്ത് അയക്കുകയും ചെയ്തു" (ലൂക്കൊസ് 23:11).

നിർഭാഗ്യവശ്ശാൽ, യേശുവിനെക്കുറിച്ച് അന്നു ഹെരോദാവിനുണ്ടായി രുന്നതിനേക്കാൾ കൂടുതൽ താൽപര്യം ഇന്നു പലർക്കുമില്ല. അവർക്ക് യേശു വിൽ ആകാംഷയുണ്ട്. അവനെക്കുറിച്ച് കൂടുതൽ അറിഞ്ഞ് മാനുഷിക നില വാരത്തിൽ ചർച്ച ചെയ്യുവാൻ താൽപര്യമുണ്ട്, എന്നാൽ അവൻ വാസ്തവ ത്തിൽ ആരാണെന്നും സുവിശേഷ വിവരണങ്ങളിൽ നിന്നും വായിച്ചു മന സിലാക്കുവാൻ ഗൗരവമുള്ള താൽപര്യം ഇല്ല. അക്കാരണത്താൽ, അവർ ഒരിക്കലും അവനെ ദൈവപുത്രനായി സ്വീകരിക്കുകയോ അല്ലെങ്കിൽ തങ്ങ ളുടെ ജീവിതം അവനിൽ സമർപ്പിക്കുകയോ ചെയ്യുകയില്ല. ഒരു പഴഞ്ചൊല്ലു പറയുന്നത് "ക്യൂരിയോസിറ്റി കിൽഡ് ദ ക്യാറ്റ് " എന്നാണ്; ഒരാളുടെ യേശു വിലുള്ള താൽപര്യം അവനിൽ കൂടുതൽ ഊന്നിയില്ലായെങ്കിൽ അയാളുടെ ആത്മാവിനെ അത് കൊന്നേക്കാം.

### പുരുഷാരം: "ഞങ്ങൾ അവനെ ക്രൂശിൽ തറെക്കും!"
### (മത്താ 27:15-23; മർക്കോ. 15:6-14;
### ലൂക്കൊ. 23:12-23; യോഹ. 18:39-19:12)

യേശുവിനെ ഹെരോദാവിന്റെ അടുക്കലേക്കു അയച്ചതു കൊണ്ട് പിലാ

ത്തോസ് ഒരു ലക്ഷ്യം നേടി: അവൻ രാജാവുമായുള്ള തന്റെ ബന്ധം നന്നാക്കി (ലൂക്കൊസ് 23:12). എങ്ങനെയായാലും, മറ്റൊരു ലക്ഷ്യം അവനു നേടാൻ കഴിഞ്ഞില്ല: യേശുവിനെ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വം അപ്പോഴും അവനിൽ തന്നെയായിരുന്നു. നാടുവാഴി വീണ്ടും അവനെ വിട്ട യക്കുവാൻ ശ്രമിച്ചു.

> പിലാത്തോസ് മഹാപുരോഹിതന്മാരേയും പ്രമാണികളേയും ജനത്തേയും വിളിച്ചു കൂട്ടി. അവരോട്, "ഈ മനുഷ്യൻ ജനത്തെ മത്സരിപ്പിക്കുന്നു എന്നു പറഞ്ഞു നിങ്ങൾ അവനെ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലോ; ഞാനോ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും ഇവനിൽ കണ്ടില്ല; അവൻ അവനെ നമ്മുടെ അടുക്കൽ മടക്കി അയച്ചുവ ല്ലോ.[7] അവൻ മരണയോഗ്യമായത് ഒന്നും പ്രവർത്തിച്ചിട്ടില്ലാ സ്പഷ്ടം. അതുകൊണ്ട് ഞാൻ അവനെ അടിപ്പിച്ചു വിട്ടയക്കും എന്നു പറഞ്ഞു" (ലൂക്കൊസ് 23:13–16).

രണ്ടാം പ്രാവശ്യവും, യേശുവിൽ "കുറ്റമൊന്നും ഇല്ലാ" എന്ന് പിലാ ത്തോസ് പ്രഖ്യാപിച്ചു. ഇത് ഒരു ചോദ്യത്തിന് ഇടയാക്കുന്നു: പിലാത്തോസ് അവൻ നിരപരാധിയെന്ന് കണ്ടെത്തിയെങ്കിൽ, പിന്നെശിക്ഷിക്കുന്നത് എന്തിന്? ക്രിസ്തുവിനെ ചാട്ടകൊണ്ട് അടിപ്പിച്ചാൽ യഹൂദന്മാർ ശാന്തമാ കുമെന്നും, അങ്ങനെ അവനെ വിട്ടയക്കാമെന്നും നാടുവാഴി വിചാരിച്ചിരി ക്കാം (ലൂക്കൊസ് 23:16; വാ. 22 നോക്കുക). ലൂക്കൊസ് 23:16–ൽ "ശിക്ഷി ക്കുക" എന്നതിന്റെ ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതിന്റെ പ്രാഥമികമായ അർത്ഥം. "പഠിപ്പിക്കുക അല്ലെങ്കിൽ പരിശീലിപ്പിക്കുക."[8] ഫലത്തിൽ, പി ലാത്തോസ്, യഹൂദ പ്രമാണിമാരോടു പറഞ്ഞു, "ഞാൻ ഈ മനുഷ്യനെ ഒരു പാഠം പഠിപ്പിക്കും!"

"പാഠം" പഠിപ്പിക്കേണ്ടിയിരുന്ന "സ്കൂൾമുറി" ചാട്ടവാറടിക്കുന്ന സ്ഥല ത്തായിരുന്നു (യോഹന്നാൻ 19:1; മത്തായി 27:26; മർക്കൊസ് 15:15).[9] ജെ. ഡബ്ലിയു. ഷപ്പേഡ് റോമൻ ചാട്ടവാറടിയിൽ അടങ്ങിയിരിക്കുന്നതിനെക്കു റിച്ച് ഇങ്ങനെ പറഞ്ഞു:

> പല ചാട്ടവാറുകൾ കൂട്ടിക്കെട്ടിയുള്ളതായിരുന്നു അടിപ്പിക്കൽ, ഓരോന്നി ന്റെയും അറ്റത്ത് മുഴയുടെ–ആകൃതിയിലുള്ള ഈയ ഉണ്ടകൾ കാണും, അല്ലെങ്കിൽ മുനയുള്ള ആണിക്കഷണങ്ങൾ കാണും. കുറ്റവാളിയെ, വസ്ത്രം ഉരിഞ്ഞ്, കൈകൾ പുറകിലേക്ക് തടിയിലോ മറ്റോ ബന്ധിക്കും, പിന്നീട് [ചാട്ട] കൊണ്ട് ആറു [ശിക്ഷിക്കുന്നവർ], തടവുകാരൻ ഏതാണ്ട് മരിക്കത്തക്കവണ്ണം ആ ഉപകരണങ്ങൾ ഉപയോഗിച്ച് ദണ്ഡിപ്പിക്കും. ഓരോ അടിയും കുറ്റവാളിയുടെ വിറക്കുന്ന ശരീരത്തിലേക്ക് തുളച്ചു കയറി, ചില പ്പോൾ ഞരമ്പുകളെ കീറിമുറിക്കയും നഗ്നരായി അവരെ കിടത്തുകയും ചെയ്യും. പലപ്പോഴും ചാട്ടവാറടി മുഖത്തും കണ്ണുകളിലും പല്ലുകളിലും ഏല്ക്കാറുണ്ട്. ചാട്ടവാറടി അവസാനിപ്പിക്കുന്നത് ബോധം കെടുമ്പോഴോ അല്ലെങ്കിൽ മരിക്കുമ്പോഴോ ആകാം.[10]

ഈ വിധത്തിലായിരുന്നു യേശു "ശിക്ഷിക്കപ്പെട്ടത്." അതു മതിയാകാ

ഞ്ഞിട്ടെന്നപോലെ, അടിക്കുവാൻ ഉത്തരവാദിത്തപ്പെട്ടവർ അവനെ പരിഹസിക്കുകയും ചെയ്തു. പടയാളികൾ "അവന്റെ അടുക്കൽ ചെന്നു, യെഹുദന്മാരുടെ രാജാവേ, ജയ ജയ എന്നുപറഞ്ഞു അവനെ കന്നത്തടിച്ചു, മുൾക്കിരീടവും[11] ധൂമ്രവസ്ത്രവും[12] ധരിപ്പിച്ചു അവനെ പുറത്തു കൊണ്ടുവന്നു; യെഹൂദന്മാരുടെ രാജാവേ, എന്നു പറഞ്ഞു അവന്റെ മുഖത്ത് അടിച്ചു!" (യോഹന്നാൻ 19:2, 3; മത്തായി 20:19).

"ആ മനുഷ്യന്റെ ശത്രുക്കൾ യേശു ഈ അനുഭവിക്കുന്നതെല്ലാം കണ്ട്, തീർച്ചയായും ശാന്തമായി തീരും!" എന്നു പിലാത്തോസ് വിചാരിച്ചിരിക്കും. പുറത്തു വന്നു അവൻ പറഞ്ഞു "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് നിങ്ങൾ അറിയേണ്ടതിന് അവനെ നിങ്ങളുടെ അടുക്കൽ പുറത്തു കൊണ്ടുവരുന്നു" (യോഹന്നാൻ 19:4). യേശുവിനെ പുരുഷാരത്തിനു മുന്നിൽ കൊണ്ടുവരുന്നു. അവന്റെ തലയിൽ മുൾക്കിരീടം വെച്ചിരുന്നു (യോഹന്നാൻ 19:5); മുള്ളുകൾ കൊണ്ട് അവന്റെ നെറ്റിയിൽ നിന്ന് മുഖത്തേക്ക് രക്തം ഒഴുകിക്കൊണ്ടിരുന്നു. അവന്റെ പുറകിലെ വസ്ത്രവും കീറിയിരുന്നു (യോഹന്നാൻ 19:5). കീറിയ അവന്റെ പുറകുവശത്ത് രക്തക്കറ പിടിച്ചിരുന്നു. യേശുവിനെ ചൂണ്ടി പിലാത്തോസ് പറഞ്ഞു, "ഇതാ, ആ മനുഷ്യൻ!" (യോഹന്നാൻ 19:5).[13]

രക്ത–ദാഹികളായ യെഹൂദന്മാരെ ആ ചാട്ടവറടി തൃപ്തിപ്പെടുത്തുമെന്ന് നാടുവാഴി കരുതിയെങ്കിൽ, അവന് നിരാശയാണുണ്ടായത്. മഹാപുരോഹിതന്മാരും പ്രമാണിമാരും, **"അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക"** എന്ന് ആർത്തുകൊണ്ടിരുന്നു (യോഹന്നാൻ 19:6). ഫലത്തിൽ, വെറുപ്പോടുകൂടി പിലാത്തോസ് പറഞ്ഞു, "നിങ്ങൾ അവനെ കൊണ്ടു പോയി ക്രൂശിപ്പിൻ ഞാനോ അവനിൽ കുറ്റം കാണുന്നില്ല എന്നു പറഞ്ഞു –"[14] (യോഹന്നാൻ 19:6 നോക്കുക). അവന്റെ ശബ്ദത്തിൽ ഒരു കളിയാക്കൽ ഭാവമുണ്ടായിരുന്നു, കാരണം റോമാക്കാർ ആരേയും ക്രൂശിൽ തറപ്പിക്കുവാൻ യെഹുദന്മാരെ അനുവദിച്ചിരുന്നില്ല എന്ന് അവനും – അവർക്കും – അറിയാമായിരുന്നു.

യെഹുദ പ്രമാണിമാർ ഭീഷണിക്കു വഴങ്ങിയില്ല. അവർ മടികൂടാതെ പിലാത്തോസിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു: "ഞങ്ങൾക്കു ഒരു ന്യായപ്രമാണം ഉണ്ട്, അവൻ തന്നെത്താൻ ദൈവ പുത്രൻ ആക്കിയതു കൊണ്ട് ആ ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു" (യോഹന്നാൻ 19:7).[15] മറ്റൊരുവാക്കിൽ പറഞ്ഞാൽ, "നിങ്ങൾ അവനിൽ കുറ്റം കണ്ടെത്തിയാലും ഇല്ലെങ്കിലും, ഞങ്ങൾ പറയുന്നത് അവൻ മരിക്കേണം, നീ അവന് മരണശിക്ഷ വിധിക്കയും വേണം!"

അവൻ ദൈവപുത്രനെന്ന് അവകാശപ്പെട്ടതായി പിലാത്തോസ് കേട്ടപ്പോൾ (യോഹന്നാൻ 19:7), "അത് അവനെ കൂടുതൽ ഭയപ്പെടുത്തി" (യോഹന്നാൻ 19:8). ദേവന്മാർ മനുഷ്യരുപമെടുത്തതിനെക്കുറിച്ച് റോമാക്കാരുടേയും ഗ്രീക്കുകാരുടേയും ഇടയിൽ പല ഐതിഹാസിക വിശ്വാസങ്ങൾ ഉണ്ടായിരുന്നു (പ്രവൃത്തികൾ 14:11, 12). അവൻ തന്റെ ഇരിപ്പിടത്തിലേക്ക് മടങ്ങിയപ്പോൾ യേശുവിനെ വീണ്ടും അവന്റെ അടുക്കൽ കൊണ്ടുവന്നു. ഭയത്തോടെ അവൻ ചോദിച്ചു, "നീ എവിടെ നിന്നാകുന്നു?" (യോഹന്നാൻ 19:9). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നീ ഭൂമിയിൽ നിന്നുള്ളവനോ അതോ സ്വർഗ്ഗത്തിൽ നിന്നുള്ളവനോ – ഒരു പക്ഷേ ദേവന്മാരുടെ വാസസ്ഥലമായ ഒളിമ്പസ് പർവ്വതത്തിൽ നിന്നായിരിക്കുമോ?" "എന്നാൽ അവൻ അതിന്

ഉത്തരം ഒന്നും പറഞ്ഞില്ല" (യോഹന്നാൻ 19:9).

ഉത്തരം പറയുവാൻ പിലാത്തൊസ് അവനെ നിർബ്ബന്ധിച്ചു: ''നീ എന്നോട് സംസാരിക്കുന്നില്ലയോ? എനിക്ക് നിന്നെ ക്രൂശിപ്പാൻ അധികാര മുണ്ടെന്നും നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടന്നും നീ അറിയുന്നില്ലയോ?" (യോഹന്നാൻ 19:10). പിന്നെ യേശു സംസാരിച്ചു – പക്ഷെ ആ സംസാരം പിലാത്തൊസിനെ ആശ്വസിപ്പിച്ചില്ല: "മേലിൽ നിന്ന് നിനക്ക് കിട്ടീട്ടില്ല എങ്കിൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു" (യോഹന്നാൻ 19:11).

"എന്നെ നിന്റെ കയ്യിൽ ഏല്പിച്ചവന്ന് [അതായത്, കയ്യഫാവ്] കൂടുതൽ പാപം ഉണ്ട്" എന്ന് യേശു കൂട്ടിച്ചർത്തു (യോഹന്നാൻ 19:11). യേശുവിനെ കുറിച്ച് കൂടുതൽ അറിയുവാൻ കയ്യഫാവിന് കിട്ടിയതുപോലെയുള്ള അവസരങ്ങൾ പിലാത്തൊസിന് കിട്ടിയിരുന്നില്ല (ലൂക്കൊസ് 12:48). കൂടാതെ കയ്യഫാവിനുണ്ടായിരുന്നതുപോലെയുള്ള വിദ്വേഷം നാടുവാഴിക്ക് ഉണ്ടായിരുന്നില്ല. പിലാത്തൊസ് കുറ്റമില്ലാത്തവനായിരുന്നില്ല (പ്രവൃത്തികൾ 4:27 നോക്കുക), എന്നാൽ ആ മഹാപുരോഹിതനിലും (അവന്റെ സ്വാധീനമുള്ള യെഹൂദന്മാരിലും) വലിയ കുറ്റമുണ്ടായിരുന്നു (പ്രവൃത്തികൾ 2:23, 36; 3:13–15, 17; 5:28, 30; 7:52; 13:27, 28; 1 തെസലൊനിക്യർ 2:14, 15).

യേശുവിനെ വിട്ടയക്കുവാനുള്ള തീരുമാനവുമായിട്ടായിരുന്നു ആശയ വിനിമയത്തിനുശേഷം പിലാത്തൊസ് പുറത്തുവന്നത് (യോഹന്നാൻ 19:12; ലൂക്കൊസ് 23:20). റോമാ നിലവാരമനുസരിച്ചും യെഹൂദനിലവാരമനുസരിച്ചും അവനിൽ ഒരു തെറ്റുമില്ലായിരുന്നു എന്ന് അവന് അറിയാമായിരുന്നു, എന്നാൽ മഹാപുരോഹിതൻ അവനെ പിലാത്തൊസിന്റെ കയ്യിൽ ഏല്പിച്ചതു അസൂയ നിമിത്തമായിരുന്നു[16] (മർക്കൊസ് 15:10). യേശുവിനെ അടിപ്പിച്ചതുകൊണ്ട് യെഹൂദന്മാർ ശാന്തരായില്ല, മറ്റു മാർഗ്ഗം തേടേണ്ടി വന്നു.

എന്തു ചെയ്യണമെന്നാലോചിച്ച്, പിലാത്തൊസ് പുറത്തേക്ക് പോയി.[17] അവിടെ ഒരു പുരുഷാരം കാത്തു നില്ക്കുന്നതു അവൻ കണ്ടു (മർക്കൊസ് 15:8). യേശു മരിക്കേണം എന്ന് ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഒരു ചെറുകൂട്ടം പോലെയുള്ള കൂട്ടമായിരുന്നില്ല അത്. ഈ കൂട്ടം റോമാക്കാരോട് പ്രത്യേക പെസഹാ ആനുകൂല്യം ചോദിക്കുവാൻ വന്നവരാണ്: ഒരു തടവുകാരന്റെ വിടുതലിന് (മർക്കൊസ് 15:8; മത്തായി 27:15; യോഹന്നാൻ 18:39).[18] അവർ തങ്ങളുടെ ആവശ്യം ഉന്നയിച്ചപ്പോൾ, പിലാത്തോസ്, യേശുവിനെ വിട്ടയപ്പാൻ മറ്റൊരു പദ്ധതിയിട്ടു. സാധാരണ, ആരെ വിട്ടയക്കണമെന്ന് തീരുമാനിക്കുവാൻ നാടുവാഴി യെഹൂദന്മാരെ അനുവദിച്ചിരുന്നു (മത്തായി 27:15 നോക്കുക). ഈ സമയത്ത് അവരുടെ തിരഞ്ഞെടുപ്പ് രണ്ടായി പരിമിതപ്പെടുത്തി:നികൃഷ്ടനും വിശ്വാസഘാതകനുമായവൻ വേണോ അതോ യേശുവിനെ വേണോ എന്നതായിരുന്നു അത്.

"അന്ന് ബറബ്ബാസ് എന്ന കുപ്രസിദ്ധനായ ഒരു തടവുകാരൻ ഉണ്ടായിരുന്നു"[19] (മത്തായി 27:16). "ബറബ്ബാസ്" എന്നതിന്റെ അർത്ഥം "അബ്ബയുടെ മകൻ" എന്നാണ് – മറ്റൊരു വാക്കിൽ പറഞ്ഞാൽ "[എന്റെ] പിതാവിന്റെ മകൻ"[20] "അവനോ നഗരത്തിൽ ഉണ്ടായ ഒരു കലഹവും കുലയും ഹേതുവായി തടവിലായവൻ ആയിരുന്നു" (ലൂക്കൊസ് 23:19). ദൈവാലയ പണം ഉപയോഗിച്ച് പിലാത്തൊസ് ഒരു നീർച്ചാലുണ്ടാക്കിയപ്പോൾ അതിനെതിരായി കലഹമുണ്ടാക്കിയവരുടെ നേതാവായിരുന്നേക്കാം ഒരുപക്ഷെ ബറബ്ബാസ്.[21] ബറബ്ബാസ് ഒരു കവർച്ചക്കാരനും (യോഹന്നാൻ 18:40)[22] കുലപാതകിയുമാ

യിരുന്നു[23] (ലൂക്കൊസ് 23:19). നേരായ-മനസുള്ള ആരും ബറബ്ബാസിനെ സമൂഹത്തിലേക്ക് സ്വതന്ത്രമായി വിട്ടയക്കുവാൻ ആവശ്യപ്പെടുകയില്ല എന്നാണ് പിലാത്തൊസ് വിചാരിച്ചത്.

ആ നിയന്ത്രിതമായ തെരഞ്ഞെടുപ്പ് നാടുവാഴി ജനങ്ങൾക്ക് നൽകി: "ബറബ്ബാസിനേയോ ക്രിസ്തു എന്നു വിളിക്കുന്ന യേശുവിനേയോ, ആരെ നിങ്ങൾക്ക് വിട്ടുതരേണം?" (മത്തായി 27:17; മർക്കൊസ് 15:9 നോക്കുക). ബറബ്ബാസിനോടുള്ള വെറുപ്പിനു പുറമേ, അഞ്ചുദിവസങ്ങൾക്ക് മുമ്പ് യേശുവിന് ലഭിച്ച പ്രചാരത്തെയും നാടുവാഴി പരിഗണിച്ചു കാണാം.[24]

ആരെ തെരഞ്ഞെടുക്കണമെന്ന് ആളുകൾ തമ്മിൽ തമ്മിൽ സംസാരിക്കുവാൻ തുടങ്ങിയപ്പോൾ, തന്റെ യെഹൂദ എതിരാളികളെ പരാജയപ്പെടുത്താമെന്ന് ഒരുപക്ഷെ പിലാത്തൊസ് വിചാരിച്ചു കാണും – പക്ഷെ എന്തെങ്കിലും ആത്മസംതൃപ്തി തോന്നിയിരുന്നെങ്കിൽ അതു നീങ്ങിപ്പോയി. അവൻ ന്യായാസനത്തിൽ ഇരുന്നപ്പോൾ,[25] "അവന്റെ ഭാര്യ ആളയച്ചു ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്, അവന്റെ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു"[26] (മത്തായി 27:19). അതു ആ ഉദ്യോഗസ്ഥനെ കൂടുതൽ പരിഭ്രാന്തനാക്കി (യോഹന്നാൻ 19:8 നോക്കുക).

മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടേയും സ്വാധീന ശക്തിയെ പിലാത്തൊസ് വിലകുറച്ചായിരുന്നു കണ്ടത്. പുരുഷാരം ബറബ്ബാസിനെ കുറിച്ച് എന്തു വിചാരിക്കുമെന്ന കാര്യത്തിലും അവൻ തെറ്റിദ്ധരിച്ചിരുന്നു. ഒരു മനുഷ്യനായിരുന്ന ബറബ്ബാസ് അറപ്പുളവാക്കുന്നവനായിരുന്നു, വെറുപ്പുള്ള റോമർക്കെതിരായി അവൻ പോരാടിയിരുന്നതുകോണ്ട്, ആ ക്രൂരകൃത്യം ചെയ്തവൻ ഒരുപക്ഷെ പ്രാദേശിക നേതാവായിരുന്നേക്കാം. എങ്ങനെയായാലും, യെഹൂദപ്രമാണിമാർ ജനക്കൂട്ടത്തെ സ്വാധീനിച്ച് "ബറബ്ബാസിനെ ചോദിപ്പാനും യേശുവിനെ നശിപ്പിപ്പാനും പുരുഷാരത്തെ സമ്മതിപ്പിച്ചു" (മത്തായി 27:20).

ജനക്കൂട്ടം അവരുടെ തീരുമാനം അറിയിച്ചപ്പോൾ, നാടുവാഴി ഒരുപക്ഷെ അമ്പരന്ന് ഞെട്ടിക്കാണും: "... ഇവനെ നീക്കിക്കളക, ബറബ്ബാസിനെ വിട്ടുതരിക എന്ന് എല്ലാവരും കൂടെ നിലവിളിച്ചു" (ലൂക്കൊസ് 23:18; മത്തായി 27:21). "അവനെ ക്രൂശിക്ക" എന്നു ജനം ആർത്തു വിളിച്ചു (മത്തായി 27:22; മർക്കൊസ് 15:12, 13; ലൂക്കൊസ് 23:21).[27]

അവരെ സുബോധത്തിലേക്ക് തിരിച്ച് കൊണ്ടുവരുവാൻ പിലാത്തൊസ് ഒരു ശ്രമം കൂടെ നടത്തി. അവൻ "മൂന്നാം പ്രാവശ്യവും അവരോട് പറഞ്ഞു, 'അവൻ ചെയ്ത ദോഷം എന്ത്? മരണയോഗ്യമായ ഒന്നും അവനിൽ കണ്ടില്ല'" (ലൂക്കൊസ് 23:22; മർക്കൊസ് 15:14 നോക്കുക). എങ്ങനെയായാലും, അവന്റെ ശ്രോതാക്കൾക്ക് നീതിയിലൊന്നും താല്പര്യമില്ലായിരുന്നു: അവർ "അവനെ ക്രൂശിക്കേണ്ടതിന്ന് മുട്ടിച്ചു ചോദിച്ചു" (ലൂക്കൊസ് 23:23; മർക്കൊസ് 15:14).

ദൈവജനം ദൈവപുത്രനെ തള്ളിക്കളയുന്ന ഹൃദയഭേദകമായ അവസ്ഥ നോക്കുമ്പോൾ, മറ്റാരും അതുവരെയും "അവനെ ക്രൂശിക്ക!" എന്ന് നിലവിളിച്ചിട്ടില്ല എന്നു നമുക്ക് തോന്നും. എങ്ങനെയായാലും, വിശ്വാസത്തിൽനിന്നു വീണു പോയവർ "തങ്ങൾക്ക് തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്ന് ലോകാപവാദം വരുത്തുന്നവരുമാണ്" എന്ന്

എബ്രായലേഖകൻ പറഞ്ഞിരിക്കുന്നു (എബ്രായർ 6:6). യേശുവിന്റെ ശിഷ്യനായിരിക്കുമ്പോൾ, നിങ്ങൾ എപ്പോഴെങ്കിലും അവന്നു പുറം തിരിഞ്ഞ് നിന്നിട്ടുണ്ടോ? നിങ്ങൾ അങ്ങനെ ചെയ്താൽ, അതു വീണ്ടും യേശുവിന്റെ കൈകളിലും കാലുകളിലും ആണികൾ അടിക്കുന്നതുപോലെയാണ്, എന്നറിക. ക്രിസ്ത്യാനികളായി തീർന്നിട്ട് വീണ്ടും ലോകത്തിലേക്ക് പോകുന്നവരെ കുറിച്ച് പത്രൊസ് പറയുന്നു, "അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വഷളായിതീരുന്നു" (2 പത്രൊസ് 2:20; വാ.21, 22 നോക്കുക). നിങ്ങളുടെ പ്രവൃത്തിയാൽ "ഞാൻ യേശുവിനെ ക്രൂശിക്കും!" എന്ന്, ഒരിക്കലും, ഒരിക്കലും, ഒരിക്കലും പറയരുത്.

### പിലാത്തൊസ്: "ഞാൻ നിഷ്പക്ഷനാകും"
### (മത്താ.27:24-31; മർക്കൊ.15:15-20; ലൂക്കൊ.23:23-25; യോഹ.19:12-16)

യേശുവിനെ ക്രൂശിക്കുവാൻ പുരുഷാരം അത്യുച്ചത്തിൽ നിലവിളിച്ചു കൊണ്ടിരുന്നതുകൊണ്ട്, "അവരുടെ നിലവിളി ഫലിച്ചു" (ലൂക്കൊസ് 23:23). യേശുവിന്റെ മരണത്താലല്ലാതെ യെഹൂദന്മാർ ശാന്തരാകുകയില്ല എന്ന് അത്യധികമായി പിലാത്തൊസിന് ബോധ്യമായി.

നാടുവാഴിയുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും തടസം ഇനിയുമുണ്ടാകാത്തവിധത്തിൽ യെഹൂദപ്രമാണിമാർ നിലവിളിച്ചു പറഞ്ഞു, "നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതനല്ല, തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോട് മൽസരിക്കുന്നുവല്ലൊ" (യോഹന്നാൻ 19:12). ആ സമയത്ത് കൈസർ തിബര്യയിലായിരുന്നു (ലൂക്കൊസ് 3:1).[29] റോമിന്റെ അവസാന ഭരണകാലം "അകാരണമായ അസൂയ നിറഞ്ഞതും, ആശങ്കാജനകവും ക്രൂരവുമായിരുന്നു."[30] സംസ്ഥാനത്തിന്റെ ഭദ്രതയെ അവഗണിച്ച – *മെയെസ്റ്റാസ് മിനൂട്ടാ* യെ കുറിച്ച് പല ഉദ്യോഗസ്ഥന്മാർക്കും ഓർമ്മയുണ്ടായിരുന്നു.[31] പിലാത്തൊസിന്റെ സ്ഥാനം നല്ല നേർമ്മയുള്ളതായിരുന്നതുകൊണ്ട്, യെഹൂദന്മാരുടെ ഔപചാരിക പരാതിയിന്മേൽ അവൻ സാഹസമെടുക്കാൻ തയ്യാറായില്ല.[32]

റോമൻ അധികാരത്തിന്റെ ചിഹ്നമായ – ന്യായാസനത്തിൽ ഇരുന്ന് (യോഹന്നാൻ 19:13) – പിലാത്തൊസ് യേശുവിനെ പുരുഷാരത്തിന്റെ മുമ്പിലേക്ക് വരുത്തി (യോഹന്നാൻ 19:13). അവൻ പറഞ്ഞു, "ഇതാ, നിങ്ങളുടെ രാജാവ്!" (യോഹന്നാൻ 19:14). അവർ നിലവിളിച്ചു പറഞ്ഞു, "അവനെ കൊന്നുകളക, കൊന്നുകളക, അവനെ ക്രൂശിക്ക!" (യോഹന്നാൻ 19:15). പിലാത്തൊസ് ചോദിച്ചു, "നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കേണമോ?" (യോഹന്നാൻ 19:15). മഹാപുരോഹിതന്മാർ മറുപടി പറഞ്ഞു, "ഞങ്ങൾക്ക് കൈസർ അല്ലാതെ മറ്റൊരു രാജാവില്ല" (യോഹന്നാൻ 19:15)!

വെറുപ്പ് ഉള്ളിൽ കുമിഞ്ഞുകൂടിയാൽ അതു അഭിപ്രായങ്ങളെ നശിപ്പിക്കുമെന്നതിന്റെ തികഞ്ഞ ഉദാഹരണം ഇതാ: "കൈസരല്ലാതെ മറ്റൊരു രാജാവില്ല?" ദൈവം യിസ്രായേലിന്റെ രാജാവായിരുന്നില്ലേ (സങ്കീർത്തനങ്ങൾ 10:16; മത്തായി 5:35)? അവരുടെ രാജാവാകാൻ പോകുന്ന മശിഹക്കു വേണ്ടിയല്ലേ അവർ നോക്കി പാർത്തിരുന്നത്? (സെഖര്യാവ് 9:9; മത്തായി 21:5)? ദ്രോഹ ചിന്ത നിറഞ്ഞ യെഹൂദ വിശ്വാസികൾ ആയിരക്കണക്കിനു വർഷങ്ങളായി സൂക്ഷിച്ച വിശുദ്ധ സത്യങ്ങളെ അവർ തള്ളിക്കളഞ്ഞു.

അപ്പോഴെല്ലാം പുരുഷാരം "അവനെ ക്രൂശിക്ക" എന്ന് ആർത്തുകൊണ്ടിരുന്നു (മത്തായി 27:23), "ആ ഇരമ്പൽ ഓരോ റോമാക്കാരനേയും ഭയപ്പെടുത്തി, കാരണം അതിലടങ്ങിയിരുന്നത് ലഹളയായിരുന്നു."[33] ഒരു ലഹള പൊട്ടിപ്പുറപ്പെട്ടാൽ യെഹൂദ്യയിലെ പിലാത്തൊസിന്റെ ഭരണം ചോദ്യം ചെയ്യപ്പെടും. അവന്റെ സ്ഥാനമോ അതോ നിരപരാധിയായ ഒരു മനുഷ്യനെ വിട്ടയക്കേണമോ എന്ന തീരുമാനം നാടുവാഴി പെട്ടെന്ന് എടുക്കേണ്ടിയിരുന്നു. തീരുമാനം എടുക്കുവാൻ അവന് അധികം സമയം വേണ്ടി വന്നില്ല. യേശുവിനെ രക്ഷിക്കുവാനുള്ള എല്ലാ ശ്രമവും അവൻ ഉപേക്ഷിച്ചു (മത്തായി 27:24).

ഒരു പാത്രത്തിൽ കുറെ വെള്ളം കൊണ്ടുവരുവാൻ പിലാത്തൊസ് ആവശ്യപ്പെടുകയും, "പുരുഷാരം കാൺകെ അവൻ കൈ കഴുകിക്കൊണ്ട്, പറഞ്ഞു, 'ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് കുറ്റമില്ല'" (മത്തായി 27:24). ആലങ്കാരികമായ ആ പ്രവൃത്തി യെഹൂദന്മാർക്ക് പരിചയമുണ്ടായിരുന്നു (ആവർത്തനപുസ്തകം 21:1–9; സങ്കീർത്തനങ്ങൾ 26:6; 73:13).[34] ആ ഉത്തരവാദിത്വത്തിൽനിന്ന് പിലാത്തൊസ് മുക്തനാകുവാൻ ശ്രമിക്കുകയായിരുന്നു, എന്നാൽ അന്തിമ തീരുമാനം റോമാ നാടുവാഴിയുടെ തന്നെയായിരുന്നു. അവന്റെ കുറ്റം കൈകളിൽനിന്നു കഴുകിക്കളവാൻ കഴിഞ്ഞു, പക്ഷെ ഹൃദയത്തിൽനിന്നു കഴുകുവാൻ കഴിഞ്ഞില്ല.

"ഞാൻ യേശുവിനെ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് പിലാത്തൊസ് മറുപടി പരീക്ഷിക്കപ്പെട്ടു, പറഞ്ഞു, "ഞാൻ നിഷ്പ്പക്ഷമായിരിക്കും." പ്രശ്നമെന്തെന്നാൽ ക്രിസ്തുവിനെ സംബന്ധിച്ച് ആർക്കും നിഷ്പ്പക്ഷമായിരിപ്പാൻ സാധ്യമല്ല. ക്രിസ്തു പറഞ്ഞു, "എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലമാകുന്നു" (മത്തായി 12:30). ക്രിസ്തുവിനെ *സ്വീകരിപ്പാൻ* തീരുമാനമെടുക്കാതിരിക്കുന്നത് അവനെ *നിഷേധിക്കുന്ന* തീരുമാനമെടുക്കലാണ്. യേശു വ്യക്തമായി പറഞ്ഞു, "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്, ഞാൻ സംസാരിച്ച വചനങ്ങൾ തന്നെ അവനെ ഒടുക്കത്തെ നാളിൽ ന്യായം വിധിക്കും" (യോഹന്നാൻ 12:48). കർത്താവിനെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കേണ്ട സമയത്ത് നിഷ്പ്പക്ഷത തെരഞ്ഞെടുക്കാവുന്ന ഒന്നല്ല.

യേശുവിന്റെ മരണത്തിൽ താൻ നിരപരാധി ആണെന്ന് അവകാശപ്പെട്ട ശേഷം, അവൻ പുരുഷാരത്തോട് പറഞ്ഞു, "അതു നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ" (മത്തായി 27:24). അവർ പ്രതികരിച്ചു, "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" (മത്തായി 27:25). ആ വാക്കുകളാൽ, യെഹൂദന്മാർ ദൈവത്തിന്റെ സ്വന്ത പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുത്ത കുറ്റം എന്നേക്കുമുള്ളവരായി തീർന്നു.[35]

"പുരുഷാരത്തിന് തൃപ്തി വരുത്തുവാൻ ഇഛിച്ചിട്ട്" (മർക്കൊസ് 15:15), പിലാത്തൊസ് ഒടുവിൽ "അവരുടെ അപേക്ഷ പോലെ ആകട്ടെ എന്നു വിധിച്ചു, കലഹവും കുലയും ഹേതുവായി തടവിലായവനെ അവരുടെ അപേക്ഷപോലെ വിട്ടുകൊടുക്കുകയും യേശുവിനെ അവരുടെ ഇഷ്ടത്തിന് ഏല്പിക്കുകയും ചെയ്തു" (ലൂക്കൊസ് 23:24, 25). പിന്നെ യേശുവിനെ "ക്രൂശിക്കേണ്ടതിനു ഏല്പിച്ചു" (മത്തായി 27:26).[36]

ചരിത്രം മാറ്റുന്ന വിധി നടന്ന സ്ഥലം യോഹന്നാൻ അടയാളപ്പെടുത്തിയിട്ടുണ്ട്: "കൽത്തളമെന്നും, എബ്രായ ഭാഷയിൽ ഗബ്ബഥാ എന്നും പേരുള്ള

സ്ഥലമായിരുന്ന അത്"[37] (യോഹന്നാൻ 19:13).[38] ദിവസവും അപ്പൊസ്ത ലൻ ശ്രദ്ധിച്ചു: "പെസഹയുടെ ഒരുക്കനാൾ" (യോഹന്നാൻ 19:14). സന്ദർഭ ത്തിൽ, അതു ശബ്ബത്തു നാളിനുവേണ്ടിയുള്ള ഒരുക്കമായിരുന്നു. അതു എട്ടു–ദിവസ പെരുന്നാളിനിടയിൽ വന്നിരുന്നു (യോഹന്നാൻ 19:31; മർക്കൊസ് 15:42; ലൂക്കൊസ് 23:54). ദിവസത്തിന്റെ ആ സമയവും യോഹന്നാൻ ശ്രദ്ധിച്ചു:"ഏതാണ്ട് ആറാം മണി നേരം" (യോഹന്നാൻ 19:14). റോമാക്കാർ സമയം കണക്കാക്കുന്നതാണ് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്.[39] ആകണക്കനുസരിച്ച് ഏതാണ്ട് രാവിലെ 6.00 മണിയാണ്. യോഹന്നാൻ ഏതാണ്ട് 6.00 മണി എന്നു പറഞ്ഞതു കൊണ്ട് അല്പം താമസിച്ചുമാകാം. എന്നാൽ അപ്പോഴും പിലാത്തൊസ് യേശുവിനെ ക്രൂശിക്കേണ്ടതിന് പുരു ഷാരത്തിന് ഏല്പിച്ചുകൊടുത്തത് പ്രഭാതത്തിൽ തന്നെയായിരുന്നു.

പിലാത്തൊസ് യേശുവിനെ ക്രൂശിക്കേണ്ടതിന് പടയാളികളെ ഏല്പി ച്ചു. നടപടികൾക്ക് കുറെ സമയം എടുക്കുമായിരുന്നു (മർക്കൊസ് 15:25 നോക്കുക), കാരണം അവനേയും മറ്റു രണ്ടുപേരേയും ക്രൂശിൽ തറെക്കേ ണ്ടിയിരുന്നു.[40] ആദ്യം അവനെ അവഹേളിച്ച "കളി" എണ്ണിക്കൂടാത്ത പുരു ഷാരം കടന്നുപോയപ്പോൾ ആവർത്തിച്ചു.[41] ഈ പ്രാവശ്യം കൊട്ടാരത്തിലെ "എല്ലാ ചേകവരും" കർത്താവിനെ അവമാനിക്കുകയും നിന്ദിക്കുകയും ചെയ്തു(മർക്കൊസ് 15:16–19; കൂടാതെ മത്തായി 27:27–30).

അവസാനം, ശിക്ഷ നടപ്പാക്കുവാൻ എല്ലാം തയ്യാറായി. പടയാളികൾ "അവന്റെ മേലങ്കി നീക്കി സ്വന്ത വസ്ത്രം ധരിപ്പിച്ചു ക്രൂശിപ്പാൻ കൊണ്ടു പോയി" (മത്തായി 27:31).

**ഉപസംഹാരം**

രണ്ടു–ഭാഗമുള്ള നമ്മുടെ പഠനത്തിൽ, "യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് പല ഉത്തരങ്ങൾ നാം കാണുകയുണ്ടായി.

- യൂദാ: "ഞാൻ അവനെ വില്ക്കും."
- പത്രൊസ്: "ഞാൻ അവനെ തള്ളിപ്പറയും."
- ന്യായാധിപസഭ: "ഞങ്ങൾ അവനെ പരിത്യജിക്കും."
- ഹെരോദാവ്: "ഞാൻ വെറുതെ ആകാംഷയുള്ളവനായിരിക്കും."
- പുരുഷാരം: "ഞങ്ങൾ അവനെ ക്രൂശിക്കും."
- പിലാത്തൊസ്: "ഞാൻ നിഷ്പ്പക്ഷനായിരിക്കും."

അവർ എന്തുകൊണ്ടാണ് അങ്ങനെ പ്രതികരിച്ചത്? യൂദാ പിശാചിനോട് പറ്റിച്ചേർന്നു (ലൂക്കൊസ് 22:3; യോഹന്നാൻ 13:27 നോക്കുക). പത്രൊസ് ഭയത്തിനു കീഴ്പ്പെട്ടു. ന്യായാധിപസഭ അസൂയക്കും ദുരഭിമാനത്തിനും കീഴ്പ്പെട്ടു (മർക്കൊസ് 15:10). ഹെരോദാവ് മതരഹിതമനോഭാവത്തിന് കീഴ്പ്പെ ട്ടു. പുരുഷാരം പ്രമാണിമാരുടെ തുടർച്ചയായ സമ്മർദ്ദത്തിന് കീഴ്പ്പെട്ടു. പിലാത്തൊസ് പുരുഷാരത്തോട് ചേർന്നു (മർക്കൊസ് 15:15).[42] നിർഭാഗ്യവ ശാൽ, അവരാരും ദൈവത്തോട് പറ്റിച്ചേർന്നില്ല (റോമർ 6:13; കെജെവി നോക്കുക).[43]

"യേശുവിനെ ഞാൻ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് നിങ്ങൾ എന്ത് ഉത്തരം നൽകും? നിങ്ങൾ രക്ഷിക്കപ്പെടുന്നതും നിങ്ങളുടെ ജീവിതം

അനുഗ്രഹിക്കപ്പെടുന്നതുമായ ഉത്തരം ഏതാണ്? അതിനുള്ള ശരിയായ ഉത്തരം, പെന്തെകൊസ്തുനാളിൽ മൂവായിരം പേർ നൽകി, "ഞങ്ങൾ അവനെ സ്വീകരിക്കയും – അനുസരിക്കുകയും ചെയ്യും!" (പ്രവൃത്തികൾ 2:37, 38, 41).

"യേശുവിനെ ഞാൻ എന്തു ചെയ്യും?'' എന്ന ചോദ്യത്തിന് ഉത്തരം നൽകുവാൻ സമയമായി. നിങ്ങൾ കർത്താവിനോട് പറ്റിച്ചേർന്നു, നിങ്ങളുടെ ഉത്തരം പെന്തെകൊസ്തുനാളിലെ ആ യെഹൂദന്മാരുടേതായി തീരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദൈവപുത്രനായി അവനെ സ്വീകരിക്കുകയും – അവന്റെ ഇഷ്ടം ചെയ്യുകയും വേണം.

**പ്രസംഗക്കുറിപ്പുകൾ**

യേശുവിന്റെ വിചാരണകളെ അവലോകനം ചെയ്യുന്ന ഒരു പ്രസംഗം ഈ പുസ്തകത്തിൽ പിന്നീട് വരുന്നുണ്ട്.

പിലാത്തൊസിനെ കുറിച്ച് ഒരു സ്വഭാവ പ്രസംഗം നടത്തുവാൻ പറ്റിയ സമയം ഇതാണ്: "ഉത്തരവാദിത്വം മാറ്റുവാൻ ശ്രമിച്ച വ്യക്തി" ഇന്നു പലരും അവരെയും അവരുടെ തെറ്റുകളെയുമൊഴിച്ച് – എല്ലാവരേയും എല്ലാറ്റിനേയും കുറ്റപ്പെടുത്തി "ഉത്തരവാദിത്തത്തിന്റെ കൈകൾ കഴുകിക്കൊണ്ടിരിക്കുകയാണ്, സമൂഹത്തെ, മാതാപിതാക്കളെ, പങ്കാളിയെ, കൂട്ടുകാരെ, മദ്യപാനത്തെ, മയക്കുമരുന്നിനെ, അങ്ങനെ പലതിനേയും. പിലാത്തൊസിനെ കുറിച്ച് രണ്ടു–ഭാഗമുള്ള പാഠത്തിലും അവനെ കുറിച്ചുള്ള അനുബന്ധപാഠത്തിലും ധാരാളം കാര്യങ്ങൾ നിങ്ങൾക്ക് ലഭിക്കും.

ആ ഉദ്യോഗസ്ഥനെ കുറിച്ച് നീൽ പൊളാർഡ് മറ്റൊരു സമീപനം നടത്തി: "പിലാത്തൊസിന്റെ തെറ്റുകൾ."[44] അവന് നാല് തെറ്റ് സംഭവിച്ചതായി പറയുന്നു: (1) പിലാത്തൊസ് തന്റെ ഉത്തരവാദിത്വം മറ്റുള്ളവരിലേക്ക് മാറ്റി (ലൂക്കൊസ് 23:5–7), (2) അവൻ തിന്മയോട് വിട്ടുവീഴ്ച്ച ചെയ്യുവാൻ തയ്യാറായി (ലൂക്കൊസ് 23:13–16), (3) ആ സാഹചര്യത്തിൽ നിന്നു കൈകഴുകാമെന്ന് അവൻ വിചാരിച്ചു (മത്തായി 27:24), (4) അവൻ വിട്ടുകളഞ്ഞു (മത്തായി 27:26). ഇതിനോട് പലതും നിങ്ങൾക്ക് ചേർക്കാം.

ഇതാ അവസാന ആശയം:പിലാത്തൊസിന്റെ പ്രകടനം "ഇതാ ആ മനുഷ്യൻ" (യോഹന്നാൻ 19:5) യേശുവിനെ ഉയർത്തുന്ന പ്രസംഗത്തിൽ പൊതുവിൽ മുഖവുരയായി ഉപയോഗിച്ചിട്ടുണ്ട്.

---

കുറിപ്പുകൾ

[1]പെരുന്നാളിൽ യെരുശലേമിൽ സമാധാനം സ്ഥാപിക്കുവാൻ പിലാത്തൊസ് യെരുശലേമിൽ വന്നിരുന്നു; യെഹൂദന്മാരെ പ്രീതിപ്പെടുത്തുവാൻ ഹെരോദാവും യെരുശലേമിലാണ്ടായിരുന്നു. [2]ഹെരോദാവ് അന്തിപ്പാസുമായി നല്ല ബന്ധമുണ്ടാക്കേണ്ടതു പിലാത്തൊസിന്റെ ഗുണത്തിനു വേണ്ടിയായിരുന്നു. "തിബര്യാസ് ചക്രവർത്തിയുടെ ... ചൊൽപ്പടിക്കാരനായിരുന്നു ഹെരോദാവ്, [ജോസെഫസ് *ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്* 18.2.3;18.4.5 ]" ബ്രൂസ് കർലേ, "ട്രയൽ ഓഫ് ജീസസ്," *ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്*, എഡിറ്റേഴ്സ്. ജോവേൽ ബി. ഗ്രീൻ ആന്റ് സ്ക്കോട്ട് മെക്നൈറ്റ് [ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1992], 848 പിലാത്തൊസും ഹെരോദാവും എന്തുകൊണ്ട് ഷത്രുക്കളായി എന്നറിയുവാൻ ഈ പുസ്തകത്തിൽ പിന്നിട് വരുന്ന പത്രൊസിനെ കുറിച്ചുള്ള അനുബന്ധ ലേഖനം നോക്കുക. [3]യേശുവിനെ എവിടേക്കാണ്

കൊണ്ടുപോയതെന്ന് നമുക്ക് തീർച്ചയില്ല. ന്യായാസനം കാസിൽ അന്റോണിയയിലായിരുന്നുവെങ്കിൽ, നഗരത്തിന്റെ പടിഞ്ഞാറുവശത്ത് അവന്റെ അപ്പൻ പണിത കൊട്ടാരത്തിലായിരുന്നേക്കാം ഹെരോദാവ് താമസിച്ചിരുന്നത്. മഹാനായിരുന്ന ഹെരോദാവിന്റെ കൊട്ടാരത്തിലായിരുന്നു പിലാത്തൊസിന്റെ ആസ്ഥാനമെങ്കിൽ, പിന്നെ ഹെരോദാവ് അന്തിപ്പാസ് താമസിച്ചിരുന്നത് എവിടെ എന്ന് തീർച്ചയില്ല. [4]പുരാതന രാജാക്കന്മാരെ രസിപ്പിക്കുവാൻ മാത്രമുള്ള പുരുഷന്മാരുണ്ടായിരുന്നു. അവർ തിളങ്ങുന്ന വസ്ത്രം ധരിക്കുന്നവരായതുകൊണ്ട് അവരെ "കോമാളികൾ" അല്ലെങ്കിൽ "വിഡ്ഢികൾ" എന്നു വിളിച്ചിരുന്നു. തമാശയുള്ള ഗാനങ്ങൾ, നിസാര സ്ക്കിറ്റ് അവതരിപ്പിക്കുക, തമാശ പറയുന്നതടക്കം രസിപ്പിക്കുവാൻ വിവധ രീതിയിലുള്ള പ്രകടനങ്ങൾ നടത്തിയിരുന്നു. ചിലർ ചെറിയ ഇന്ദ്രജാലം/ചെപ്പടി വിദ്യയും ചെയ്തിരുന്നു. [5]ലൂക്കൊസ് 23:11 ലെ "ശുഭ്ര വസ്ത്രം," ഒരുപക്ഷെ ഹെരോദാവ് പുറത്തു–കളഞ്ഞ ഒന്നായിരിക്കാം. അത് അവനെ ആദരിക്കുന്നതിനായിരുന്നില്ല, പിന്നെയോ പരിഹസിക്കുന്നതിനായിരുന്നു. [6]ഹെരോദാവ് യേശുവിന് വിരോധമായി പെരുമാറിയതായി പ്രവൃത്തികൾ 4:27–ൽ പറയുന്നു. [7]തെളിവായി, ഹെരോദാവ് യേശുവിനെ ശിക്ഷിക്കാതെ തിരിച്ചയച്ചതുകൊണ്ട്, യേശുവിന്മേലുള്ള ആരോപണം അവൻ റദ്ദു ചെയ്തുകാണുമെന്ന് പിലാത്തൊസ് വിചാരിച്ചിരിക്കാം. [8]ഡബ്ലിയു. ഈ. വൈൻ, മാർവെൽ എഫ്. അങ്കർ ആന്റ് വില്യം വൈറ്റ്, ജൂനിയർ, "പയിഡു," വൈൻസ് കമ്പ്ളീറ്റ് എക്സിറ്ററി ഡിക്ഷ്ണറി ഓഫ് ഓൾഡ് ആന്റ് ന്യൂടെസ്റ്റമെന്റ് വേർഡ്സ് (നാഷ്വില്ലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1996), 97. [9]ചാട്ടവാറടി യെഹൂദപ്രമാണിമാരെ ശാന്തരാക്കുവാൻ നടത്തിയത്, ഈ സമയത്താണോ, അതോ ക്രൂശിൽ തറെക്കുന്നതിന്റെ മുന്നോടിയായിട്ടാണോ എന്ന് വ്യക്തമല്ല. [10]ജെ. ഡബ്ലിയു. ഷെപേർഡ്, (ദ ക്രൈസ്റ്റ് ഓഫ് ദ ഗോസ്പെൽസ്, മൈക്ക്.:ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1939), 589. വില്യം ഡി. എഡ്വേർഡ്സ്, വെസ്ലി. ജെ. ഗബെൽ ആന്റ് ഫ്ളോയിഡ് ഇ. ഹോസ്മർ "ഓൺ ദ ഫിസിക്കൽ ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്," ജേണൽ ഓഫ് ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻസ് (21 മാർച്ച്, 1986), 1457–58 ൽ വൈദ്യശാസ്ത്രപരമായി വിവരിച്ചിട്ടുണ്ട്.

[11]പലവിധത്തിലുള്ള മുള്ളുകളിൽ ഏതു തരത്തിലുള്ള മുള്ള് ഉപയോഗിച്ചാണ് കിരീടമുണ്ടാക്കിയതെന്ന് നമുക്ക് അറിയില്ല. ചിലർ വിചാരിക്കുന്നത് രണ്ട് ഇഞ്ചു നീളമുള്ള ബ്രയർ എന്ന മുള്ളാണുപയോഗിച്ചതെന്നാണ്. ഏതു തരത്തിലുള്ള മുള്ളു കൊണ്ട് കിരീടമുണ്ടാക്കിയാലും അതു വേദനാജനകമാണെന്ന്, ദൃശ്യസഹായത്തിന് – മുൾക്കിരീടമുണ്ടാക്കിയപ്പോൾ എനിക്ക് അനുഭവമുണ്ടായി. [12]ആ "ശുഭ്രവസ്ത്രം" ഒരുപക്ഷെ ഹെരോദാവ് പുറത്തു കളഞ്ഞതു അവനെ ധരിപ്പിച്ചതോ അല്ലെങ്കിൽ ഏതെങ്കിലും കോമാളിയുടേത് ഊരി ധരിപ്പിച്ചതോ ആകാം. [13]പിലാത്തൊസ് യേശുവിനെ സാധാരണ "രാജാവ്" എന്നു വിളിച്ചിട്ട് (മർക്കൊസ് 15:9, 12; യോഹന്നാൻ 18:39) "മനുഷ്യൻ" എന്നു പറഞ്ഞതു ഒരുപക്ഷെ പ്രാധാന്യമുള്ളതായേക്കാം. പിലാത്തൊസ് യെഹൂദന്മാരോട്, "നോക്കുക! ഇവൻ മറ്റേതൊരാളെയും പോലെ ഒരു മനുഷ്യനാകുന്നു! നിങ്ങൾക്ക് വ്യാകുലമുണ്ടാക്കുവാൻ അവൻ കാരണമാകുന്നില്ല." [14]ഗ്രീക്ക് വേദപുസ്തകത്തിൽ "യുവെഴ്സെൽഫ്" എന്നതും "ഐ" എന്നതും ഊന്നിപ്പറഞ്ഞിരിക്കുന്നു. [15]യെഹൂദപ്രമാണിമാർ പിന്നീട് അവനിൽ രാജ്യദ്രോഹകുറ്റം ചുമത്തിയപ്പോൾ (യോഹന്നാൻ 19:12), ഒരു നിമിഷത്തേക്ക്, എങ്ങനെയായാലും, അവർ രാഷ്ട്രിയ കുറ്റത്തെ വിട്ട് മതപരമായി അവർ യേശുവിനെ കുറ്റം വിധിച്ചു (ദൈവദൂഷണം). [16]ഇതിൽ യേശുവിന്റെ വിജയകരമായ യെരുശലേം പ്രവേശനത്തിന്റേയും ദൈവാലയത്തിൽ വെച്ച് യേശു ചൊവ്വാഴ്ച്ച യെഹൂദപ്രമാണിമാരെ തോല്പിച്ചതിന്റേയും പരിജ്ഞാനം ഉൾപ്പെട്ടിരിക്കാം. [17]സ്പഷ്ടമായി, ഒരു നിമിഷത്തേക്ക്, അവൻ യെശുവിനെ, അകത്ത് കസ്റ്റഡിയിലാക്കി (യോഹന്നാൻ 19:13 നോക്കുക).

[18]പിലാത്തൊസ് യെഹൂദന്മാരോട് പറഞ്ഞു, “ഞാൻ ഒരാളെ വിട്ടയക്കുന്ന ഒരു സമ്പ്രദായം നിങ്ങൾക്ക് ഉണ്ടല്ലൊ ...” (യോഹന്നാൻ 18:39). ഇതിനർത്ഥം ആ സമ്പ്രദായം ആരംഭിച്ചതു പിലാത്തൊസ് ആയിരുന്നില്ല. മുൻപുണ്ടായിരുന്ന ഒരുദ്യോഗസ്ഥനായിരിക്കാം. അന്ന് യെരുശലേമിൽ, അത്തരം സമ്പ്രദായം നിലനിന്നിരുന്നതിനു ചരിത്ര രേഖ ഇല്ല. എന്നാൽ ഇന്നും രാഷ്ട്രീയ നേതാക്കന്മാർ ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാൻ ചില കുറ്റവാളികളെ തടവിൽ നിന്നു മോചിപ്പിക്കുന്നതു അസാധാരണമല്ല. [19]ഒരു പുരാതന കയ്യെഴുത്ത് പ്രതി പറയുന്നതനുസരിച്ച്, അവന്റെ മുഴുവൻ പേർ “ജീസസ് ബറബ്ബാസ്” എന്നായിരുന്നു. അതുകൊണ്ടായിരിക്കാം പിലാത്തൊസ് യേശുവിനെ “ക്രിസ്തു എന്നു വിളിക്കുന്ന യേശുവിനെ” എന്നു പറഞ്ഞത് – “യേശു” എന്നു വിളിക്കുന്ന “ബറബ്ബാസിൽ” നിന്നു വേർതിരിച്ചറിയുന്നതിന്. [20]“അബ്ബാ” എന്ന വാക്കിന്റെ അർത്ഥം അറിയുവാൻ ഈ പുസ്തകത്തിൽ ആദ്യം വന്ന “തോട്ടത്തിൽ” എന്ന പാഠം നോക്കുക.

[21]പിലാത്തൊസിനെ കുറിച്ച് കൂടുതലറിയുവാൻ “പൊന്തിയൊസ് പിലാത്തൊസ് (ആന്റ് ദ ഡെത്ത് ഓഫ് ജീസസ്സ്)” എന്ന പഠനം നോക്കുക. [22]“കവർച്ച” എന്ന വാക്ക് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തതിന് “അക്രമം” എന്നും അർത്ഥമുണ്ട്. എൻഐവിയിൽ “മൽസരത്തിൽ പങ്കെടുത്തവൻ” എന്നാണ്. ന്യായാധിപസഭ യേശുവിന്മേൽ കുറ്റം ആരോപിച്ചപ്പോൾ ഇതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. [23]ഒരുപക്ഷെ ആ മൽസരത്തിൽ അവൻ റോമാ പടയാളിയെ കൊന്നിരിക്കാം. [24]വിജയകരമായ യെരുശലേം പ്രവേശനത്തിൽ യേശുവിനെ ആദരിച്ചിരുന്നു. [25]മത്തായി 27:19 പറയുന്നത് അവൻ “ന്യായാസനത്തിൽ ഇരുന്നു” എന്നാണ്. “ന്യായാസനം” എന്ന വാക്ക് തർജിമ ചെയ്തതു *ഹെമാ* എന്ന വാക്കിൽനിന്നാണ്, അതു സൂചിപ്പിക്കുന്നത് ഉദ്യോഗസ്ഥന്മാർക്ക് പ്രഖ്യാപനം നടത്തുവാനുള്ള ഉയർന്ന പീഠമാണ്. [26]അന്ധവിശ്വാസികളായ അവിശ്വാസികൾ സ്വപ്നത്തിന് വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട്, അതിനർത്ഥം നാം അങ്ങനെ കണക്കാക്കണമെന്നല്ല. അത്ഭുതങ്ങൾ നടന്നിരുന്ന സമയത്ത്, ദൈവം ചിലപ്പോൾ തന്റെ ജനത്തോട് ആശയവിനിമയം നടത്തുവാൻ സ്വപ്നങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (മത്തായി 1:20; 2:12, 13, 19, 22) – പക്ഷെ അതല്ല, ഇവിടെ സംഭവിച്ചത്. കൂടാതെ, പിലാത്തൊസിന്റെ ഭാര്യക്ക് ഏതെങ്കിലും അമാനുഷ ഏജന്റ് പ്രൃക്ഷമായതുമില്ല. അവൾ യെശുവിനെ “നീതിമാനായ മനുഷ്യൻ” എന്നു വിളിച്ചതു സൂചിപ്പിക്കുന്നത് അവനെ കുറിച്ച് അവൾക്ക് മുൻപ് അറിയാമായിരുന്നു എന്നാണ്. ഒരുപക്ഷെ റോമൻ പടയാളികൾ നീതിമാനായ ആ മനുഷ്യനെ പിടിക്കുവാനിരിക്കുന്നത് അറിവു കിട്ടിയ ചിന്ത അവളുടെ ഉള്ളിൽ ഉണ്ടായിരുന്നതുകൊണ്ടാകാം അവൾ സ്വപ്നംകണ്ടത്. [27]ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവന്ന് “ഹോശന്നാ” പാടിയ ജനക്കൂട്ടം അഞ്ചു ദിവസങ്ങൾക്ക് ശേഷം അവനെ “ക്രൂശിക്ക” എന്ന് ആർത്ത ജനക്കൂട്ടത്തിന്റെ ചാഞ്ചല്ല്യത്തെ കുറിച്ച് പ്രസംഗിക്കുന്ന പലരും സംശയിച്ചിട്ടുണ്ട്. ആളുകൾ വേഗത്തിൽ ചഞ്ചലരാകയും കൗശലത്തിനിരയാകയും ചെയ്യും – എന്നാൽ എല്ലാ നന്മയും നോക്കിയാൽ, ഞായറാഴ്ച്ചയിലെ ആഘോഷത്തിനുണ്ടായിരുന്ന ജനക്കൂട്ടം ആകണമെന്നില്ല വെള്ളിയാഴ്ച്ച ആർത്തുവിളിച്ചത്. പെരുന്നാളിന് യെരുശലേമിൽ ആയിരക്കണക്കിന് ആളുകളുണ്ടായിരുന്നു. [28]ആയിരക്കണക്കിന് വർഷങ്ങളോളം യിസ്രായേൽ ജനം ദൈവത്തിന്റെ തെരഞ്ഞെടുത്ത ജനമായിരുന്നു. [29]ലൂക്കൊസ് 3:1–ൽ പറഞ്ഞിരിക്കുന്ന തിബര്യാസ് കൈസർ വാണിരുന്നത് ഏ.ഡി. 17–37 വരെയായിരുന്നു. [30]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 717.

[31]ഏ. എൻ. ഷെർവിൻ വൈറ്റ്, “പൈലറ്റ് പോന്തിയോസ്,” *ദ ഇന്റർനാഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. ജെന. എഡി. ജെഫ്റി. ഡബ്ലിയു. ബ്രോമിലേ

(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1986), 3:868. [32]പിലാത്തൊസിന്റെ ഭയത്തിന് അടിസ്ഥാനമുണ്ടായിരുന്നു. കുറച്ചു വർഷങ്ങൾക്കുശേഷം, ഒരു പരാതി അവനെതിരെ വരികയും, അവനെ സ്ഥാനത്തു നിന്നു നീക്കുകയും ചെയ്തു. "പൊന്തിയൊസ് പിലാത്തൊസ് (ആന്റ് ദ ഡെത്ത് ഓഫ് ജീസസ്") എന്ന അനുബന്ധലേഖനം നോക്കുക. [33]വാൾട്ടർ വാങ്കറിൻ, ജൂനിയർ., *ദ ബുക്ക് ഓഫ് ഗോഡ്: ദ ബൈബിൾ ഈസ് എ നോവെൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1996), 801. [34]"ഞാൻ ആ കാര്യത്തിൽ എന്റെ കൈകൾ കഴുകുന്നു" എന്ന് അമേരിക്കയിൽ ഇന്നും പറയാറുണ്ട്. അതിനർത്ഥം "ഈ കാര്യത്തിൽ ഞാൻ ഇതിലപ്പുറം ഒന്നും ചെയ്യുകയില്ല." അതിലടങ്ങിയിരിക്കുന്നത് "ഇതിനപ്പുറം എന്തു സംഭവിച്ചാലും അതിനു ഞാൻ ഉത്തരവാദി ആയിരിക്കുകയില്ല." [35]ആ വസ്തുത വാക്കിനാലോ, ക്രിയയാലോ ആന്റി–സെമിറ്റിസത്തെ ന്യായീകരിക്കുന്നില്ല. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ഏതെങ്കിലും ഒരു സമയത്ത്, ക്രിസ്തുവിനെ ക്രൂശിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തിട്ടുണ്ട് (എബ്രായർ 6:6). യെഹൂദരായാലും ജാതികളായാലും നമുക്ക് എല്ലാവർക്കും ദൈവകൃപ ആവശ്യമായ വിധത്തിൽ നാം എല്ലാവരും പാപികളാണ് (സന്ദർഭത്തിൽ, റോമർ 3:23 നോക്കുക). [36]യോഹന്നാൻ 19:16–ൽ "അതുകൊണ്ട് അവനെ ക്രൂശിക്കുവാൻ അവൻ അവരെ *ഏല്പിച്ചു*" (എംഫസിസ് മൈൻ). സന്ദർഭത്തിൽ "അവരെ" എന്നു പറഞ്ഞിരിക്കുന്നതു പുരോഹിതന്മാരെ ആണ്, എന്നാൽ യെഹൂദപുരോഹിതന്മാർ ആയിരുന്നില്ല യേശുവിനെ ക്രൂശിച്ചത്. ആ വാക്കിന്റെ അർത്ഥം യെഹൂദപ്രമാണിമാരുടെ ഇഷ്ടത്തിന് യേശുവിനെ ഏല്പിച്ചു കൊടുത്തു എന്നാണ്. [37]"ഗബ്ബഥാ" എന്ന വാക്കിന്റെ അർത്ഥം "ഉയർന്ന സ്ഥാനം" എന്നാണ്. അതേ അർത്ഥം തന്നെയാണ് ഗ്രീക്കു വാക്ക് *ഹെമാ* എന്നതിനുള്ളത്. [38]ആ ആസ്ഥാനം കൃത്യമായി എവിടെയായിരുന്നു എന്ന് ആദ്യവായനക്കാർക്ക് അറിയാമായിരുന്നു, എന്നാൽ നമുക്ക് തീർച്ചയില്ല. കാസിൽ അന്റോണിയോ സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ആസ്ഥാനമുണ്ടായിരുന്നതായി ഭൂഗർഭഗവേഷകന്മാർ കണ്ടെത്തുകയുണ്ടായി, എന്നാൽ ചിലർ വിശ്വസിക്കുന്നത് "ആസ്ഥാനം" ഹെരോദ്യരുടെ കൊട്ടാരത്തിലായിരുന്നു എന്നാണ് (മുൻപ് ആസ്ഥാനത്തെ കുറിച്ച് ചർച്ച ചെയ്തത് നോക്കുക). [39]യോഹന്നാൻ തന്റെ വിവരണങ്ങൾ മറ്റു മൂന്നു വിവരണക്കാർ എഴുതിയതിന് പല ദശാബ്ദങ്ങൾക്കു ശേഷം, യെരുശലേമിന്റെ പതനത്തിന് ശേഷമായിരിക്കാം ഒരുപക്ഷെ എഴുതിയത്. അതുകൊണ്ട് അവൻ ഉപയോഗിച്ചതു റോമാ സമയമായിരിക്കും. യെഹൂദന്മാരുടെ കണക്കുകൂട്ടലനുസരിച്ച്, പുതിയ ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയത്തെ തുടർന്നാണ്, എന്നാൽ റോമാക്കാരുടെ പുതിയ ദിവസം ആരംഭിക്കുന്നത് അർദ്ധരാത്രിയാണ് (നമ്മുടെ പുതിയ ദിവസം തുടങ്ങുന്നതുപോലെ). യെഹൂദ സമയം കണക്കാക്കിയ മർക്കൊസ് യേശുവിനെ ക്രൂശിച്ചത് *മൂന്നാം മണി നേരത്തായിരുന്നു* എന്നു പറയുന്നു (മർക്കൊസ് 15:25) – അതായത് രാവിലെ 9.00 മണി. യെഹൂദ സമയം കണക്കാക്കിയ മത്തായി പറയുന്നു *ആറാം മണി മുതൽ ഒമ്പതാം മണി വരെ* ദേശത്തൊക്കെയും ഇരുട്ടുണ്ടായി എന്ന് (മത്തായി 27:45; മർക്കൊസ് 15:33; ലൂക്കൊസ് 23:44) – അതായത്, ഉച്ചക്ക് 12.00 മണി മുതൽ ഉച്ചക്ക് ശേഷം 3.00 മണി വരെ – അതിനു ശേഷം യേശു മരിച്ചു (മത്തായി 27:46–50; മർക്കൊസ് 15:34–37; ലൂക്കൊസ് 23:44–46 നോക്കുക). യോഹന്നാൻ റോമൻ സമയം കണക്കാക്കിയിരുന്നാൽ മാത്രമേ "ആറാം മണി" യോജിക്കയുള്ളു. 40ഏതാണ്ട് കാലത്ത് 6.00 മണിക്ക് പിലാത്തൊസ് യേശുവിനെ ശിക്ഷക്കു വിധിച്ചതുകൊണ്ട്(യോഹന്നാൻ 19:14 ന്റെ നോട്ട് നോക്കുക), യേശുവിനെ ശിക്ഷെക്കു വിധിച്ചതിനും ക്രൂശിൽ തറെച്ചതിനും ഇടക്ക് ഏതാനും മണിക്കുറുകളുണ്ടായിരുന്നു. അത് ആവശ്യമായ ഒരുക്കത്തിന് വേണ്ടി ആയിരുന്നേക്കാം.

[41]അവരുടെ ആ പരിഹാസ്യപ്രവൃത്തി കൂടാതെ, വടി എടുത്ത് ചെങ്കോൽ എന്ന് പരി

ഹസിച്ച് അതുകൊണ്ട് അവനെ അടിക്കയും ചെയ്തു (മത്തായി 27:30). [42]വിവധ രീതിക ളിലുള്ള സമ്മർദ്ദത്തിനിരയായി എന്നത് വാരെൻ. ഡബ്ലിയു. വിയേഴ്സ്ബേയുടെ, *ദ ബൈബിൾ എക്സ്പോസിഷൻ കമെന്ററി,* വാല്യം. 1 (വീറ്റൺ, Ill.:വിക്ടർ ബുക്സ്, 1989), 101. [43]പിന്നീട്, പെന്തെകൊസ്തിലെ പുരുഷാരം ചെയ്തതുപോലെ പത്രൊസ് ദൈവത്തോട് പറ്റിച്ചേരുകയും ചെയ്തു, എന്നാൽ ആ സമയത്ത് മറ്റാരും അതു ചെയ്തില്ല. [44]നീൽ പൊളാഡ്, "പിലാത്തൊസിന്റെ തെറ്റുകൾ" വിജിൽ (നവംബർ–ഡിസംബർ 2001): 53–54.